II അടിയന്തിരപ്രമേയം

തലശ്ശേരി താലൂക്കിലെ മേലൂരിൽ നിലവിലിരിക്കുന്ന സംഘർഷാവസ്ഥ

മി. സ്പീക്കർ: തലശ്ശേരി താലൂക്കിലെ 'മേലൂർ' എന്ന സ്ഥലത്ത് ജനതാപാർട്ടി പ്രവർത്തകനായ പൊയ്യയിൽ കുന്നുമ്പുറത്തു
1.30 a.m.] ഫൽഗുനൻ എന്നയാളുടെ വീട് ഇന്നലെ രാവിലെ 11 മണിക്ക് 300-ൽ പരം വരുന്ന ഒരു സംഘം ആളുകൾ ചേർന്ന് തീ വെയ്ക്കുകയും ജനതാപാർട്ടിപ്രവർത്തകരെ മർദ്ദനമേൽപ്പിക്കുകയും ചെയ്തതിനെതുടർന്ന് അവിടെനിലവിലിരിക്കുന്ന സംഘർഷാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സമാനടപടികൾ നിറുത്തിവക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ. പി. ജാസ്കരൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 27-3-1979-ന് രാവിലെ പതിനൊന്നുമണിയോടുകൂടി വാഴയിൽ ഗോപി ഉൾപ്പെടുന്ന സി. പി. എം. പ്രവർത്തകർ മാരകായുധങ്ങളുമായി മേലൂരിലുള്ള ഫൽഗുനന്റെ വീട് ആക്രമിച്ച് മേൽക്കൂര കത്തിക്കുകയും വീട്ടുസാധനങ്ങൾ നശിപ്പിക്കുകയും ചെയ്തതായി ഫൽഗുനന്റെ സഹോദരി വിജയലക്ഷ്മിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ധർമ്മടം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ പന്ത്രണ്ടോളം ആർ. എസ്. എസ്. പ്രവർത്തകർക്ക് കല്ലേറുമൂലം പരിക്കേറ്റു. അവരെ തലശ്ശേരി ആശുപത്രിയിൽ ഔട്ട്പേഷ്യന്റായി ചികിൽസിക്കുകയാണ്. ആർ. എസ്. എസ്. പ്രവർത്തകരാണ്. വീട് കത്തിച്ചതിൽ ഏതാണ്ട് പതിനായിരത്തോളം രൂപ നഷ്ടമുള്ളതായി പറയുന്നു. പരിക്കേറ്റ പന്ത്രണ്ടുപേരിൽ ഫൽഗുനനും ഉൾപ്പെടുന്നുണ്ട്. ഇതിനെതുടർന്ന് പാനോട് ശശി എന്ന സി. പി. എം. പ്രവർത്തകന്റെ പരാതിയിൻമേൽ തലശ്ശേരി പോലീസ് സ്റ്റേഷനിൽ മുന്നേമുക്കാൽ മണിക്ക് മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫൽഗുനൻ ഉൾപ്പെടെയുള്ള കുറെ ആർ. എസ്. എസ്. പ്രവർത്തകർ ശശിയേയും അയാളുടെ കൂട്ടുകാരൻ പ്രകാശിനേയും മേലൂർ പോലീസ് സ്റ്റേഷനിൽവച്ച് സ്ഫോടകവസ്തുക്കൾ ഏല്പിച്ച് ആക്രമിച്ചുവെന്നാണ് ശശിയുടെ പരാതി. ശശിയേയും പ്രകാശിനേയും പൊള്ളലേറ്റനിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. സ്ഫോടകവസ്തു പ്രയോഗമുണ്ടായതു ഫൽഗുനന്റെ വീട്ടിൽ വച്ചുതന്നെയാണോ, ബസ് സ്റ്റേഷനിൽ വച്ചാണോയെന്നുള്ളത് പ്രത്യേക വിഷയമാണ്. അതേപ്പറ്റി ഖണ്ഡിതമായി ഒരു അഭിപ്രായം പറയുന്നില്ല. രണ്ട് കേസിലും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഊർജ്ജിതമായ അന്വേഷണം നടന്നിട്ടുണ്ട്. പോലീസ് ഊർജ്ജിതമായി പെട്രോളിംഗ് ചെയ്യുന്നുണ്ട്. പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സമാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. പി. ജാസ്കരൻ: ഇന്നലെ പട്ടാപ്പകൽ പതിനൊന്നു മണിയ്ക്കാണ് ഈ സംഭവമുണ്ടായത്. മുന്നൂറോളം വരുന്ന പ്രവർത്തകൻമാർ സംഘം ചേർന്നാണ് ജനതാപാർട്ടിയിലെ സജീവപ്രവർത്തകനായ ഫൽഗുനന്റെ വീട് കത്തിച്ച് പാമ്പലാക്കിയത്. പന്ത്രണ്ടോളം ആളുകൾക്ക് മാരകമായ പരിക്കേറ്റു. തീ പൊള്ളലേറ്റവരും മർദ്ദനമേറ്റവരും തലശ്ശേരി ആശുപത്രിയിൽ അഡ്മിഷനുപോയപ്പോൾ അവർക്ക് പ്രവേശനം നിഷേധിക്കുകയാണ് ചെയ്തത്. പന്ത്രണ്ടോളം പ്രവർത്തകൻമാർക്ക് പൊള്ളലേറ്റു,

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനമേറ്റു, ഇവർ ധർമ്മടം പോലീസ് സ്റ്റേഷനിൽ അഭയം തേടിയിരിക്കുകയാണ്. ഒന്നു രണ്ടുമാസമായി തലശ്ശേരിതാലൂക്കിൽ പലഭാഗങ്ങളിലും ഇതുപോലുള്ള മർദ്ദനനടപടികളും നടക്കുകയാണ്. മാർക്സിസ്റ്റുകാരുടെയും ആർ. എസ്. എസ്. കാരുടെയും ഇത്തരം കാര്യങ്ങളും നടത്തുകയാണ്. ജനതാപാർട്ടിയിലെ ഒരു പ്രവർത്തകനായ ഫൽഗുണന്റെ വീടാണ് തീവച്ച് ചാമ്പലാക്കിയത്. തലശ്ശേരിതാലൂക്കിൽ ഉപതിരഞ്ഞെടുപ്പ് നടക്കാൻപോവുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ശാന്തമായ അന്തരീക്ഷം ഉണ്ടാക്കുന്നതിന് സർക്കാരും പോലീസ് വിഭാഗവും സജീവമായി പ്രവർത്തിക്കണം. അവിടത്തെ ക്ഷേത്രത്തിൽ ഉൽസവം നടക്കുന്ന കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ ഈ വിധത്തിലുള്ള നടപടികൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി പോലീസിന്റെ ഭാഗത്തുനിന്നും നീതി കിട്ടണം. പോലീസിന്റെ ഭാഗത്തുനിന്നും നീതി ലഭിക്കുന്നില്ല. പോലീസ് നിഷ്ക്രിയരാണ്. അവിടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനു വേണ്ടി പോലീസും ഗവൺമെന്റും സജീവമായി പ്രവർത്തിക്കണമെന്ന് ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് പറയാനാഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഈ കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു കഴിഞ്ഞു. ഇപ്പോൾ സ്ഥിതി ഗതി ശാന്തമാണെന്നുള്ളതുകൊണ്ട് അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III ശ്രദ്ധ ക്ഷണിക്കൽ

കണ്ണൂർ ജില്ലയിലെ കോളിയോട് എസ്റ്റേറ്റിൽ പണിനിർത്തിയതു മൂലം ഉണ്ടായ ഗുരുതരാവസ്ഥ

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, കണ്ണൂർ ജില്ലയിലെ കോളിയോട് എന്നുപറയുന്ന സ്ഥലത്ത് 1958-ൽ രാമവർമ്മരാജ സ്ഥാപിച്ച ഒരു എസ്റ്റേറ്റുണ്ട്. ഈ എസ്റ്റേറ്റ് 2,336 ഏക്കർ സ്ഥലത്തായിട്ട് വ്യാപിച്ചുകിടക്കുകയാണ്. നാനൂറിനാൽപതോളം സ്ഥിരം തൊഴിലാളികളും അഞ്ഞൂറോളം മറ്റ് തൊഴിലാളികളും ജോലിചെയ്തുവരുന്ന ഒരു സ്ഥാപനമായിരുന്നു അത്. 1973 ഏപ്രിൽ 10-ാം തീയതി ബോണസ് സംബന്ധമായ തർക്കത്തെതുടർന്ന് ആ എസ്റ്റേറ്റ് ഉടമ എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്യുകയാണ് ചെയ്തത്. അതിനുശേഷം പല കൂടിയാലോചനകളും നടത്തിയെങ്കിലും അതൊന്നും വിജയപ്രദമായില്ല. അതുകാരണം തൊഴിലാളികുടുംബങ്ങളം പട്ടിണികിടക്കുകയാണ്. 1,068 ഏക്കർ സ്ഥലം മിച്ചഭൂമിയാണെന്നുള്ളതിന്റെ പേരിൽ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് നൂറിയമ്പതോളം തൊഴിലാളികൾക്ക് സ്ഥിരമായല്ലെങ്കിലും പ്ലാന്റേഷൻ കോർപ്പറേഷന്റെ നടത്തിപ്പിന്റെ കീഴിൽ ജോലികൊടുക്കുന്നുണ്ട്. അതും ഇടയ്ക്കിടയ്ക്കേയുള്ളു. പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപിച്ചുവെന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും നിയമാനുസൃതമായി ഏൽപിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടു ഈ ഗവൺമെന്റിന്റെ കയ്യിലിരിക്കുന്ന 1,068 ഏക്കർ സ്ഥലം അടിയന്തിരമായും പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപിച്ചുകൊണ്ട് സ്ഥിരമായ ജോലികൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അതോടൊപ്പം തന്നെ ആലക്കോട്ട രാജരാജവർമ്മയുടെ കൈവശമിരിക്കുന്ന സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly